# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.193

### 16-08-2017 ൽ മറുപടിക്ക്

### ജനറൽ ഒബ്ലിഗേഷൻ ബോണ്ട് മുഖേനയുള്ള കടമെടുപ്പ്

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുള്ള<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. പി.കെ. അബ്ദു റബ്ബ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ജനറൽ ഒബ്ലിഗേഷൻ ബോണ്ട് മുഖേനയുള്ള കടമെടുപ്പിൽ പാലിക്കേണ്ട തത്വങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | കമ്പനികളൊ സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളോ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ പുറപ്പെടുവിക്കേണ്ടത് സെക്യൂറിറ്റീസ് & എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) യുടെ നിയന്ത്രണ പരിധിയിൽ നിന്നുകൊണ്ടാണ്.<br>മുൻസിപ്പൽ ബോണ്ടുകൾ ഒഴികെയുള്ള മറ്റ് ബോണ്ടുകളുടെ പുറപ്പെടുവിക്കലുകളും, ലിസ്റ്റ് ചെയ്യലും 2008 ലെ സെബി ( ഇഷ്യൂ & ലിസ്റ്റിംഗ് ഓഫ് ഡെറ്റ് സെക്യൂരിറ്റീസ്) റെഗുലേഷൻസ് (ഐ.എൽ.ഡി.എസ് 2008) പ്രകാരമാണ്.<br>പബ്ലിക് ഇഷ്യൂ മുഖേനയും, പ്രൈവറ്റ് പ്ലേസ്മെന്റ് മാർഗേണയും ബോണ്ടുകൾ പുറപ്പെടുവിക്കുവാൻ ഐ.എൽ.ഡി.എസ് 2008 അനുവദിക്കുന്നു. എന്നാൽ പബ്ലിക് ഇഷ്യൂ മുഖേനയുള്ള ബോണ്ടുകൾ ഒരു അംഗീകൃത സ്റ്റോക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യപ്പെടണമെന്നത് നിർബന്ധമായതും, പ്രൈവറ്റ് പ്ലേസ്മെന്റ് ബോണ്ടുകൾക്ക് ഇത് ഓപ്ഷണലുമാണ്.<br>ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന് ഐ.എൽ.ഡി.എസ് 2008 നിർദ്ദേശിക്കുന്ന മാർഗ്ഗരേഖ ചുവടെ ചേർക്കുന്നു:<br>1.ബോണ്ടുകൾ ലിസ്റ്റ് ചെയ്യപ്പെടുന്നതിനായി ഒരു അംഗീകൃത സ്റ്റോക് എക്സ്ചേഞ്ചിൽ അപേക്ഷ സമർപ്പിക്കൽ.<br>2.ഐ.എൽ.ഡി.എസ് 2008 റെഗുലേഷൻസ് നിഷ്കർഷിക്കും |

| | |
|---|---|
| | വിധം വിശദമായ വെളിപ്പെടുത്തലോടുകൂടിയ ഓഫർ ഡോക്കുമെന്റ് തയ്യാറാക്കൽ<br>3.സെബിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒന്നോ അതിലധികമോ മെർചന്റ് ബാങ്കർമാരെ നിയമിക്കൽ<br>4.2013 ലെ കമ്പനീസ് ആക്റ്റ് പ്രകാരം ഡിബഞ്ചർ ട്രസ്റ്റികളെ നിയമിക്കൽ |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ബോണ്ട് മുഖേന എത്ര തുക കടമെടുത്തു എന്നും തിരിച്ചുകൊടുക്കേണ്ട ടൈം ഷെഡ്യൂൾ എപ്രകാരമാണെന്നും വ്യക്തമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബോണ്ടുകളൊന്നും കിഫ്ബി മുഖേന പുറപ്പെടുവിച്ചിട്ടില്ല |
| (സി) പ്രസ്തുത ഫണ്ടിന്റെ വിനിയോഗക്രമം വിശദമാക്കുമോ? | ജനറൽ ഒബ്ലിഗേഷൻ ബോണ്ട് ഉൾപ്പെടെയുള്ള കടപ്പത്രങ്ങൾ മുഖേന സമാഹരിക്കുന്ന തുക കിഫ് നിധിയിലേക്കാണ് വക കൊള്ളിക്കുന്നത്. ഭേദഗതി ചെയ്ത 2016 ലെ കിഫ് ആക്ട് 3:0ാം വകുപ്പ് പ്രകാരം കിഫ് ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന ബഡ്ജറ്റ് വിഹിതം, ബോർഡ് കടം വാങ്ങുന്ന തുകകൾ, ഏതെങ്കിലും സ്ഥാപനം നൽകുന്ന ഗ്രാന്റുകൾ/വായ്പകൾ, മുൻകൂർ തുകകൾ തുടങ്ങി കിഫ്ബിയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബോർഡ് സമാഹരിക്കുന്ന ഏതൊരു തുകയും വക കൊള്ളിക്കുന്നത് കിഫ് നിധിയിലാണ്. ഈ നിധിയിൽ നിന്നുമാണ് കിഫ്ബി പദ്ധതികളുടെ നിർമ്മാണ/നിർവ്വഹണ ഘട്ടത്തിൽ ആവശ്യം വരുന്ന ധനം ആക്ട് അനുശാസിക്കും വിധം വിനിയോഗിക്കപ്പെടുന്നത്. |

**സെക്ഷൻ ഓഫീസർ**